LIBRARY ARCHIVES Kerala Legislative Assembly

## അടയ്ക്കാ കർഷകർക്കായി പ്രത്യേക പാക്കേജ്

124 [2741] ശ്രീ. കെ. സി. ജോസഫ്:
,, കെ. ബാബു:
,, എം. എം. ഹസ്സൻ:
,, ലൂഡി ലൂയിസ്:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടയ്ക്കാ കൃഷിക്കാർക്കു വേണ്ടിയുള്ള പാക്കേജിലെ വ്യവസ്ഥകൾ എന്തെല്ലാമെന്നു പറയുമോ;

(ബി) ഈ പാക്കേജ് സംസ്ഥാനത്തൊട്ടാകെയുള്ള അടയ്ക്കാ കൃഷിക്കാർക്കും ബാധകമാണോ;

(സി) ആണെങ്കിൽ അതനുസരിച്ചുള്ള ആനുകൂല്യം എല്ലാ അടയ്ക്കാ കർഷകർക്കും നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

### ഉത്തരം

(എ) അടയ്ക്കാ കൃഷിക്കാർക്കു വേണ്ടിയുള്ള പാക്കേജിൽ രൂക്ഷമായി മഞ്ഞളിപ്പു രോഗം ബാധിച്ച കവുങ്ങുകളെ വെട്ടി മാറ്റുന്നതിനും ഭാഗികമായി രോഗം ബാധിച്ച മരങ്ങൾക്കുള്ള നല്ല പരിപാലനവും മുറിച്ചു മാറ്റിയ സ്ഥലങ്ങളിൽ ആദായമുള്ള കൃഷി ചെയ്യലും അവയ്ക്കുള്ള ബോധവൽക്കരണ പരിപാടിയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) ബാധകമാണ്.

(സി) ഇതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. കേന്ദ്രാനുമതി ലഭിച്ചാലുടൻ പദ്ധതി നടപ്പാക്കുന്നതാണ്.

## മലപ്പുറത്ത് അടയ്ക്കാ സംഭരണ കേന്ദ്രം തുടങ്ങാൻ നടപടി

125 [2742] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;